## മധുരമായ കുട്ടികളെ – വിശ്വരാജ്യം ബാഹുബലത്തിലൂടെയല്ല നേടാൻ സാധിക്കുന്നത്, അതിനു യോഗബലം ആവശ്യമാണ്, ഇതും ഒരു നിയമമാണ്

**ചോദ്യം –** ശിവബാബയ്ക്ക് സ്വയം തന്നിൽ തന്നെ ഏതൊരത്ഭുതമാണ് തോന്നുന്നത്?
**ഉത്തരം –** ബാബ പറയുകയാണ്, നോക്കു എന്തൊരു അത്ഭുതകരമാണ് – മറ്റൊരാളിൽ നിന്നും പഠിക്കാതെയാണ് ഞാൻ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നത് എനിക്കൊരു അച്ഛനോ, ടീച്ചറോ, ഗുരുവോ ഇല്ല. ഞാൻ ഈ സൃഷ്ടി ചക്രത്തിൽ പുനർ ജന്മം എടുക്കുന്നില്ല, എന്നിട്ടും നിങ്ങൾക്ക് എല്ലാ ജന്മങ്ങളുടെയും കഥ കേൾപ്പിച്ചു തരുന്നു. സ്വയം 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വരാതെ പൂർണ്ണമായും ചക്രത്തിന്റെ ജ്ഞാനം കൃത്യമായി നൽകുന്നു.

**ഓം ശാന്തി.** ആത്മീയ അച്ഛൻ നിങ്ങൾ കുട്ടികളെ സ്വദർശന ചക്രധാരിയാക്കിയാണ് മാറ്റുന്നത്. അതായത് നിങ്ങൾക്ക് 84 ജന്മത്തിന്റെ ചക്രത്തെ കുറിച്ച് അറിയാൻ കഴിഞ്ഞു. ആദ്യം നിങ്ങൾക്ക് അറിയില്ലായിരുന്നു. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ അറിഞ്ഞു. തീർച്ചയായും നിങ്ങൾ 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വരുന്നുണ്ട്. നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് 84 ജന്മത്തിന്റം ചക്രത്തിന്റെ ജ്ഞാനം നൽകുന്നത്. ഞാൻ സ്വദർശന ചക്രധാരിയാണ് എന്നാൽ പ്രാക്ടിക്കലായി 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വരുന്നില്ല. ശിവബാബയിൽ മുഴുവൻ ജ്ഞാനം അടങ്ങിയിട്ടുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കണം. നിങ്ങൾക്കറിയാം നമ്മൾ ബ്രാഹ്മണരാണ് ഇപ്പോൾ സ്വദർശന ചക്രധാരിയായി മാറുന്നു. ബാബ ഇതുപോലെ ആകുന്നില്ല. പിന്നെ എവിടെ നിന്നാണ് അനുഭവമുണ്ടാകുന്നത്? നമുക്കെല്ലാം അനുഭവമുണ്ടാകുന്നുണ്ട്. നിങ്ങൾക്ക് കേൾപ്പിച്ചു തരാൻ ബാബയ്ക്ക് എങ്ങനെയാണ് അനുഭവമുണ്ടാകുന്നത്? പ്രാക്ടിക്കൽ അനുഭവമുണ്ടായിരിക്കണമല്ലോ. ബാബ പറയുകയാണ് എന്നെ ജ്ഞാനസാഗരനെന്നു പറയുന്നുണ്ട് എന്നാൽ ഞാൻ 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വരുന്നില്ല. എന്നിട്ടും എന്നിൽ ഈ ജ്ഞാനം എവിടെ നിന്ന് വന്നു. ടീച്ചർ പഠിപ്പിക്കുകയാണെങ്കിൽ പഠിക്കുകയും വേണമല്ലോ. ശിവബാബ ഇത് എങ്ങനെയാണ് പഠിക്കുന്നത്? ശിവബാബ സ്വയം 84 ജന്മങ്ങളുടെ ചക്രത്തിൽ വരാത്തതു കൊണ്ട് 84 ജന്മങ്ങളുടെ ചക്രത്തെ കുറിച്ച് അറിയുന്നത് എങ്ങനെയാണ്? ബാബ ബീജരൂപമായതു കൊണ്ട് എല്ലാം അറിയുന്നു. സ്വയം 84 ന്റെ ചക്രത്തിൽ വരുന്നില്ല. എന്നാൽ എല്ലാ കാര്യങ്ങളും നിങ്ങൾക്ക് മനസ്സിലാക്കി തരുന്നു, ഇതും അത്ഭുതമാണല്ലോ. ബാബ ഏതെങ്കിലും ശാസ്ത്രം പഠിക്കുന്നു എന്നല്ല. പറയുകയാണ് ഡ്രാമയനുസരിച്ച് ബാബയിൽ മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുണ്ട്, അത് നിങ്ങളെ കേൾപ്പിക്കുന്നു. അപ്പോൾ അത്ഭുതമായ ടീച്ചറുമല്ലേ. അത്ഭുതം ആഗ്രഹിക്കുന്നതുകൊണ്ട് ബാബയ്ക്ക് വലിയ വലിയ പേര് വെച്ചിരിക്കുന്നു. ഈശ്വരൻ, പ്രഭൂ, അന്തർയാമി എന്നെല്ലാം. ഈശ്വരനിൽ എങ്ങനെയാണ് മുഴുവൻ ജ്ഞാനവും നിറഞ്ഞിരിക്കുന്നത് എന്നതിൽ നിങ്ങൾക്ക് അത്ഭുതം ഉണ്ടാകും. ഏത് ജ്ഞാനമാണോ നമുക്ക് മനസ്സിലാക്കി തന്നു കൊണ്ടിരിക്കുന്നത് അത് എവിടെ നിന്നും വന്നതാണ്? ബാബയ്ക്ക് ജന്മം നൽകാനോ മനസ്സിലാക്കി കൊടുക്കാനോ അച്ഛനൊന്നുമില്ല. നിങ്ങളെല്ലാവരും സഹോദര സഹോദരങ്ങളാണ്. ബാബ ഒറ്റയ്ക്കെങ്ങിനെ നിങ്ങളുടെ അച്ഛനും ബീജരൂപവുമാകും. എത്രയധികം ജ്ഞാനമാണ് ബാബ നിങ്ങൾ കുട്ടികൾക്ക് കേൾപ്പിച്ചു തരുന്നത്. ഞാൻ 84 ജന്മങ്ങൾ എടുക്കുന്നില്ല, നിങ്ങളാണെടുക്കുന്നതെന്ന് പറയുന്നു. ബാബാ താങ്കൾക്കെങ്ങനെയാണ് അറിയുന്നത് എന്ന ചോദ്യം അപ്പോൾ തീർച്ചയായും ഉണ്ടാകും. ബാബ പറയുകയാണ് – കുട്ടികളെ, അനാദി ഡ്രാമയനുസരിച്ച് എന്നിൽ ആദ്യം തന്നെ ഈ ജ്ഞാനമുണ്ട്, അതാണ് നിങ്ങളെ പഠിപ്പിക്കുന്നത്, അതുകൊണ്ടാണ് എന്നെ ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് പറയുന്നത്. സ്വയം ചക്രത്തിൽ വരുന്നില്ലെങ്കിലും ബാബയിൽ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. അതുകൊണ്ട് നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷം ഉണ്ടായിരിക്കണം. ബാബയ്ക്ക് 84 ന്റെ ചക്രത്തിന്റെ അറിവ് എവിടെ നിന്നാണ് ലഭിച്ചത്? ബാബയിലൂടെയാണ് നിങ്ങൾക്ക് ലഭിച്ചത്. ബാബയിൽ യഥാർത്ഥ ജ്ഞാനമാണുള്ളത്. നോളേജ്ഫുൾ എന്ന് ബാബയെ തന്നെയാണ് പറയുന്നത്. ആരിൽ നിന്നും പഠിക്കുന്നില്ല. ബാബയിൽ യഥാർത്ഥ ജ്ഞാനമുള്ളതുകൊണ്ട് ബാബയെ നോളേജ്ഫുൾ എന്ന് പറയുന്നു. ഇത് അത്ഭുതമാണല്ലോ, അതുകൊണ്ടാണിതിനെ ഉയർന്നതിലും ഉയർന്ന പഠിപ്പെന്ന് പാടപ്പെടുന്നത്. ബാബയിൽ കുട്ടികൾക്ക് അത്ഭുതം തോന്നുന്നു. എന്തുകൊണ്ടാണ് ബാബയെ നോളേജ്ഫുൾ എന്ന് പറയുന്നത്? ഈയൊരു കാര്യം മനസ്സിലാക്കേണ്ടതാണ്, മറ്റെന്താണ് മനസ്സിലാക്കേണ്ടത്? ഈ ചിത്രം നിങ്ങൾ കാണിച്ചു കൊടുക്കുമ്പോൾ പലരും ചോദിക്കും ബ്രഹ്മാവിലും തന്റെ ആത്മാവുണ്ട്, നാരായണനായി മാറുമ്പോഴും അതിലും തന്റെ ആത്മാവുണ്ട് അപ്പോൾ രണ്ടാത്മാവായില്ലേ. ഒന്ന് ബ്രഹ്മാവിന്റെ ഒന്ന് നാരായണന്റെ. പക്ഷെ ഇത് രണ്ടും രണ്ടാത്മാവല്ല എന്നതിനെ കുറിച്ച് ചിന്തിക്കണം.

ആത്മാവ് ഒന്ന് തന്നെയാണ്. ഒന്ന് ദേവതയുടെ മാതൃകയായാണ് കാണിച്ചിരിക്കുന്നത്. ബ്രഹ്മാവിൽ നിന്ന് വിഷ്ണു അർത്ഥം നാരായണനായി മാറുന്നു. ഗുഹ്യമായ കാര്യം ഇതാണ്. കേവലം ബാബയ്ക്കല്ലാതെ വളരെ ഗുഹ്യമായ കാര്യം മറ്റാർക്കും തന്നെ കേൾപ്പിക്കാൻ സാധിക്കില്ല. അതിനാൽ ബ്രഹ്മാവും വിഷ്ണുവും രണ്ടാത്മാക്കളല്ല. അതേപോലെ തന്നെയാണ് സരസ്വതിയും ലക്ഷ്മിയും.- ഇവർ രണ്ടു പേരിലും രണ്ടാത്മാവാണോ അതോ ഒരാത്മാവാണോ? ശരീരം രണ്ടാണ്, ആത്മാവ് ഒന്നാണ്. ഈ സരസ്വതി തന്നെയാണ് പിന്നീട് ലക്ഷ്മിയായി മാറുന്നത്. അതിനാൽ ആത്മാവിനെ ഒന്നായാണ് കണക്കാക്കുന്നത്. 84 ജന്മവും ഒരാത്മാവാണ് എടുക്കുന്നത്. ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യമാണ്. ബ്രഹ്മണനിൽ നിന്ന് ദേവത, ദേവതയിൽ നിന്ന് ക്ഷത്രിയനായി മാറുന്നു. ആത്മാവു തന്നെയാണ് ഒരു ശരീരം മാറി മറ്റൊന്ന് എടുക്കുന്നത്. ആത്മാവ് ഒന്നു തന്നെയാണ്, എങ്ങനെയാണ് ബ്രഹ്മണനിൽ നിന്ന് ദേവതയായി മാറുന്നത് ഇത് മാതൃകയാക്കി കാണിക്കുകയാണ്. ഹം സോ എന്നതിന്റെ അർത്ഥം വളരെ നല്ലതാണ്. ഇതിനെയാണ് പറയുന്നത് ഗുപ്തമായ കാര്യം. ഇതിൽ നമ്മൾ ഒരച്ഛന്റെ മക്കളാണ് എന്നതാണ് ആദ്യമാദ്യം മനസ്സിലാക്കേണ്ടത്. യഥാർത്ഥത്തിൽ ആത്മാക്കളെല്ലാം പരംധാം നിവാസികളാണ്. ഇവിടെ പാർട്ടഭിനയിക്കാൻ വന്നതാണ്. ഇത് കളിയാണ്. ബാബ ഈ കളിയുടെ വാർത്ത കേൾപ്പിക്കുകയാണ്. ബാബ യഥാർത്ഥമായി മനസ്സിലാക്കുന്നു. ബാബയ്ക്ക് ആരും പഠിപ്പിച്ചു കൊടുക്കുന്നില്ല. നിങ്ങൾക്ക് ഈ സമയം കേൾപ്പിച്ചു തന്നുകൊണ്ടിരിക്കുന്ന 84 ന്റെ ചക്രത്തെക്കുറിച്ച് ബാബയ്ക്കു മാത്രമേ അറിയൂ. പിന്നീട് നിങ്ങൾ മറന്നു പോകുന്നു. വീണ്ടും ഇതിനെക്കുറിച്ചുള്ള ശാസ്ത്രങ്ങളെങ്ങനെയാണ് ഉണ്ടാക്കുന്നത്. ബാബ ശാസ്ത്രങ്ങളൊന്നും പഠിക്കുന്നില്ല. പിന്നെങ്ങനെയാണ് വന്ന് പുതിയ പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നത്, അര കല്പം ഭക്തി മാർഗ്ഗമാണ്. ഈ കാര്യങ്ങളും ശാസ്ത്രങ്ങളിലില്ല. ഡ്രാമയനുസരിച്ച് ഈ ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിൽ ഉണ്ടാക്കിയതാണ്. ആദ്യം മുതൽ അവസാനം വരെയുള്ള ഈ ചക്രത്തിന്റെ എത്ര വലിയ ജ്ഞാനമാണ് നിങ്ങളുടെ ബുദ്ധിയിലുള്ളത്. ബാബയ്ക്ക് തീർച്ചയായും മനുഷ്യ ശരീരത്തെ ആധാരമാക്കേണ്ടി വന്നു. ശിവബാബ ഈ ബ്രഹ്മാ ശരീരത്തിലിരുന്ന് ഈ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം കേൾപ്പിക്കുകയാണ്. മനുഷ്യരാണെങ്കിൽ സൃഷ്ടിയുടെ ആയുസ്സ് എത്ര വലുതാക്കിയാണ് കാണിച്ചിരിക്കുന്നത്. പുതിയ ലോകം പിന്നീട് പഴയതായി മാറും. പുതിയ ലോകത്തെ സ്വർഗമെന്നും പഴയ ലോകത്തെ നരകമെന്നും പറയുന്നു. ലോകം ഒന്ന് മാത്രമാണ്. പുതിയ ലോകത്തിൽ ദേവി ദേവതമാരാണ് വസിക്കുന്നത്. അവിടെ അപാര സുഖമാണ്. മുഴുവൻ സൃഷ്ടിയും പുതിയതാകും. ഇപ്പോൾ ഇതിനെ പഴയതെന്ന് പറയും. പേര് തന്നെ അയൺ ഏജ് (ഇരുമ്പ് യുഗം)ലോകമെന്നാണ്. എങ്ങനെയാണോ ഓൾഡ് ഡൽഹിയെന്നും ന്യൂ ഡൽഹിയെന്നും പറയുന്നത്. ബാബ മനസ്സിലാക്കി തരുകയാണ് - മധുര മധുരമായ കുട്ടികളെ, പുതിയ ലോകത്തിൽ പുതിയ ഡൽഹിയായിരിക്കും. ഇതാണെങ്കിൽ പഴയ ലോകത്തിൽ ന്യൂ ഡൽഹിയെന്ന് പറയുന്നു. ഇതിനെ പുതിയതെന്ന് എങ്ങനെ പറയാൻ സാധിക്കും? ബാബ മനസ്സിലാക്കി തരുകയാണ് പുതിയ ലോകത്തിലാണ് ന്യൂ ഡൽഹി ഉണ്ടാവുക. അവിടെ ഈ ലക്ഷ്മീ നാരായണൻ രാജ്യം ഭരിക്കും. അതിനെ സത്യയുഗം എന്ന് പറയും. നിങ്ങൾ ഈ മുഴുവൻ ഭാരതത്തിലും രാജ്യം ഭരിക്കും. നിങ്ങളുടെ സിംഹാസനം യമുനാ തീരത്താണ് ഉണ്ടാവുക. പിന്നീട് രാവണരാജ്യത്തിന്റെ സിംഹാസനവും ഇവിടെ തന്നെയാണ് ഉണ്ടാവുക. രാമ രാജ്യത്തിന്റെ സിംഹാസനവും ഇവിടെ തന്നെയാണ് ഉണ്ടാവുന്നത്. ഡൽഹി എന്നായിരിക്കില്ല പേര്. അതിനെ സ്വർഗമെന്ന് പറയുന്നു. പിന്നീട് രാജാക്കന്മാർക്കനുസരിച്ച് അവരുടെ സിംഹാസനത്തിനനുസരിച്ച് പേര് വെയ്ക്കുന്നു. ഈ സമയം നിങ്ങളെല്ലാവരും പഴയ ലോകത്തിലാണ്. പുതിയ ലോകത്തിലേയ്ക്ക് പോകുന്നതിനു വേണ്ടി നിങ്ങളിപ്പോൾ പഠിച്ചു കൊണ്ടിരിക്കുകയാണ്. പിന്നീട് മനുഷ്യനിൽ നിന്ന് ദേവതയായി മാറും. ബാബയാണ് പഠിപ്പിക്കുന്നത്.

ഉയർന്നതിലും ഉയർന്ന ബാബ താഴെക്ക് ഇറങ്ങി വന്ന് രാജയോഗം പഠിപ്പിക്കുകയാണെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. ഈ കലിയുഗീ പഴയ ലോകം അവസാനിക്കാൻ പോകുന്ന സംഗമയുഗത്തിലാണ് നിങ്ങളിപ്പോൾ. ബാബ ഇതിന്റെ കണക്കും പറഞ്ഞു തന്നിട്ടുണ്ട്, ഞാൻ വരുന്നത് ബ്രഹ്മാ ശരീരത്തിലാണ്. ബ്രഹ്മാവാരാണെന്ന് പോലും മനുഷ്യർക്കറിയുകയില്ല. പ്രജാപിതാ ബ്രഹ്മാവെന്ന് കേൾപ്പിക്കുന്നുണ്ട്. നിങ്ങൾ ബ്രഹ്മാവിന്റെ പ്രജകളായതുകൊണ്ട് ബി.കെ. എന്ന് പറയുന്നു. യഥാർത്ഥത്തിൽ ശിവബാബയുടെ കുട്ടികളായ നിരാകാരി ആത്മാക്കൾ ശിവ വംശികളാണ്, പിന്നീട് പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികൾ സഹോദരീ സഹോദരങ്ങളാണ് മറ്റൊരു സംബന്ധവുമില്ല. ഈ സമയം നിങ്ങൾ ആ കലിയുഗീ സംബന്ധത്തെ മറക്കണം കാരണം അതിൽ ബന്ധനമുണ്ട്. നിങ്ങൾ പുതിയ ലോകത്തിലേയ്ക്ക് പോകുന്നു. ബ്രഹ്മണർക്ക് കുടുമ ഉണ്ടാകും. ബ്രഹ്മണരുടെ അടയാളമാണ് കുടുമ. ഇത് നിങ്ങളുടെ ബ്രഹ്മണ കുലമാണ്. അത് കലിയുഗീ ബ്രാഹ്മണരാണ്. ബ്രാഹ്മണർ വഴികാട്ടികളാണ്. ഒരു ബ്രാഹ്മണൻ ഭക്ഷണം കഴിക്കുന്നു, മറ്റൊരാൾ ഗീത കേൾപ്പിക്കുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണർ ഈ ഗീത കേൾപ്പിക്കുന്നു, അവരും ഗീത

കേൾപ്പിക്കുകയാണ്, നിങ്ങളും ഗീത കേൾപ്പിക്കുകയാണ്. എത്രയാണ് വ്യത്യാസമെന്ന് നോക്കൂ. കൃഷ്ണനെ ഭഗവാനെന്ന് പറയാൻ കഴിയില്ലെന്ന് നിങ്ങൾ പറയുന്നു. കൃഷ്ണനെ ദേവതയെന്നാണ് പറയുക. കൃഷ്ണനിൽ ദൈവീക ഗുണമുണ്ട്. കൃഷ്ണനെ ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കും. ശിവക്ഷേത്രത്തിൽ പോയി നോക്കുകയാണെങ്കിൽ ശരീരം കാണാൻ സാധിക്കുകയില്ല. ശിവൻ പരമ ആത്മാവാണ് അർത്ഥം പരമാത്മാവ്. ഈശ്വരൻ, പ്രഭു, ഭഗവാൻ എന്നീ വാക്കുകളുടെ അർത്ഥം പോലും വരുന്നില്ല. പരമാത്മാവ് തന്നെയാണ് സുപ്രീം ആത്മാവ്. നിങ്ങൾ സുപ്രീമല്ല. ബാബയുടെ ആത്മാവും നിങ്ങൾ ആത്മാവും നോക്കു എത്ര വ്യത്യാസമുണ്ട്? നിങ്ങൾ ആത്മാക്കൾ ഇപ്പോൾ പരമാത്മാവിൽ നിന്നും പഠിച്ചുകൊണ്ടിരിക്കുകയാണ്. ബാബ ഒരാളിൽനിന്നും പഠിക്കുന്നില്ല. ബാബ അച്ഛനാണല്ലോ. ഈ പരംപിതാ പരമാത്മാവിനെ തന്നെയാണ് നിങ്ങൾ അച്ഛനെന്നും ടീച്ചറെന്നും ഗുരുവെന്നും പറയുന്നത്. എല്ലാം ഒന്നാണ്. മറ്റൊരാത്മാവിനും അച്ഛനും ടീച്ചറും ഗുരുവുമായി മാറാൻ സാധിക്കില്ല. ഒരേ ഒരു പരമാത്മാവിനെ തന്നെയാണ് സുപ്രീം എന്നു പറയുന്നത്. ഓരോരുത്തർക്കും ആദ്യം അച്ഛനുണ്ടായിരിക്കണം, പിന്നീട് ടീച്ചർ ആവശ്യമാണ്, അവസാനം ഗുരുവും വേണം. ബാബയും പറയുന്നു- ഞാൻ നിങ്ങളുടെ അച്ഛനുമാണ്,ടീച്ചറുമാണ്, സദ്ഗതി ദാതാവായ സദ്ഗുരുവുമാണ്. സദ്ഗതി നൽകുന്ന ഗുരു ഒരാൾമാത്രമാണ്. ബാക്കി ഗുരുക്കന്മാർ അനേകമുണ്ട്. ബാബ പറയുകയാണ്, ഞാൻ നിങ്ങൾക്കെല്ലാവർക്കും സദ്ഗതി നൽകുന്നു, നിങ്ങളെല്ലാവരും സത്യയുഗത്തിലേക്ക് പോകും, ബാക്കി എല്ലാവരും ശാന്തിധാമത്തിലേക്കും ഇതിനെയാണ് പരംധാമം എന്നു പറയുന്നത്. സത്യയുഗത്തിൽ ആദിസനാതന ദേവി ദേവതാ ധർമ്മമായിരുന്നു. ബാക്കി ഒരു ധർമ്മവുമില്ല. മറ്റെല്ലാവരും മുക്തിധാമത്തിലേക്ക് പോകും. സദ്ഗതി എന്നു പറയുന്നത് സത്യയുഗത്തെയാണ്, പാർട്ട് അഭിനയിച്ച് പിന്നീട് ദുർഗതിയിലേക്ക് വരുന്നു. നിങ്ങളും സദ്ഗതിയിൽ നിന്നും പിന്നീട് ദുർഗതിയിലേക്കാണ് വരുന്നത്. നിങ്ങളാണ് പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നത്. ആ സമയം എങ്ങനെയാണോ രാജാവും റാണിയും അതുപോലെയായിരിക്കും പ്രജകളും. 9 ലക്ഷംപേർ ആദ്യം വരും. 9 ലക്ഷം 84 ജന്മങ്ങളെടുക്കും. പിന്നീട് അനേകർ വന്നുകൊണ്ടിരിക്കും. ഇത് കണക്കാക്കിയിട്ടുള്ളതാണ്. ഇതാണ് ബാബ മനസ്സിലാക്കി തരുന്നത്.എല്ലാവരും 84 ജന്മമെടുക്കുകയില്ല, ആദ്യമാദ്യം വരുന്നവർ തന്നെയാണ് 84 ജന്മമെടുക്കുന്നത്. പിന്നീടുള്ളവരുടെ ജന്മം കുറവാണ്. മാക്സിമം 84, ഇതൊരു മനുഷ്യർക്കും അറിയുകയില്ല. ബാബയാണ് മനസ്സിലാക്കി തരുന്നത്. ഭഗവാനു വാചാ എന്നത് ഗീതയിലുണ്ട്. കൃഷ്ണനല്ല ആദി സനാതന ദേവി ദേവതാ ധർമ്മം രചിച്ചതെന്ന് നിങ്ങൾക്കറിയാം. അത് ബാബയാണ് സ്ഥാപിക്കുന്നത്. കൃഷ്ണന്റെ ആത്മാവാണ് 84 ജന്മങ്ങളെടുത്ത് അന്തിമത്തിൽ ജ്ഞാനം കേട്ട് വീണ്ടും ആദ്യ നമ്പറിലേക്ക് വരുന്നത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. നിങ്ങൾ ഈശ്വരീയ വിദ്യാർത്ഥിയാണ്, ദിവസവും പഠിക്കണം. ഈശ്വരീയ മഹാവാക്യമാണല്ലോ. ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കിയാണ് മാറ്റുന്നു. ഇത് പഴയലോകമാണ് പുതിയ ലോകം അത് സത്യയുഗമാണ്. ഇപ്പോൾ കലിയുഗമാണ്. ബാബ വന്ന് കലിയുഗീ പതിതത്തിൽ നിന്നും സത്യയുഗീ പാവനദേവതയാക്കിയാണ് മാറ്റുന്നത്. അതിനാലാണ് ബാബാ വന്ന് പാവനമാക്കു എന്ന് കലിയുഗീ മനുഷ്യർ വിളിച്ചുകൊണ്ടിരിക്കുന്നത്. കലിയുഗീ പതിതത്തിൽ നിന്നും സത്യയുഗി പാവനമാക്കി മാറ്റൂ. വ്യത്യാസം എത്രയാണെന്നു നോക്കൂ. കലിയുഗത്തിൽ അപാര ദുഃഖമാണുള്ളത്. കുട്ടി ജന്മമെടുത്തു, നാളെ മരിച്ചു. ദുഃഖം തന്നെയല്ലേ. മുഴുവൻ ആയുസ്സിലും എത്ര ദുഃഖമാണുള്ളത്? ഇത് ദുഖത്തിന്റെ ലോകം തന്നെയാണ്. ഇപ്പോൾ നിങ്ങൾ സുഖത്തിന്റെ ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളെ സ്വർഗവാസി ദേവതയാക്കിയാണ് മാറ്റുന്നത് ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ഉത്തമത്തിലും ഉത്തമ പുരുഷൻ അല്ലെങ്കിൽ സ്ത്രീയായാണ് മാറുന്നത്. നിങ്ങൾ വരുന്നത് ലക്ഷ്മീ നാരായണനായി മാറാനാണ്. വിദ്യാർത്ഥി ടീച്ചറുമായാണ് യോഗം വെയ്ക്കുന്നത്. ഇവരിലൂടെ പഠിച്ച് ഇന്നതായി തീരുമെന്ന് മനസ്സിലാക്കുന്നു. ആരാണോ നിങ്ങളെ ദേവതയാക്കുന്നത് ആ പരംപിതാ പരമാത്മാവായ ശിവനുമായി യോഗം വെയ്ക്കണം. അച്ഛനായ എന്നെ ഓർമ്മിക്കൂ, എന്റെ സാളിഗ്രാമങ്ങളായ കുട്ടികളാണ്. ആത്മാവാണെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ ബാബ ജ്ഞാനസാഗരനാണ്. ബാബ നിങ്ങൾക്ക് സത്യമായ ഗീതയാണ് കേൾപ്പിക്കുന്നത്, പക്ഷെ സ്വയം പഠിക്കുന്നില്ല. ഞാൻ ഒരാളുടെയും കുട്ടിയല്ല, ഒരാളിൽ നിന്നും പഠിക്കുന്നുമില്ല എന്നാണ് പറയുന്നത്. എനിക്കൊരു ഗുരുവുമില്ല. ഞാൻ നിങ്ങൾ കുട്ടികളുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ബാബയെ പരമാത്മാവെന്ന് പറയുന്നു. ഈ മുഴുവൻ സൃഷ്ടിയുടെ ആദി, മദ്ധ്യ, അന്ത്യത്തെക്കുറിച്ച് അറിയുന്നു, എപ്പോൾ വരെ അതിനെകുറിച്ച് കേൾക്കുന്നില്ലയോ അതുവരെ നിങ്ങൾക്ക് ആദി, മദ്ധ്യ, അന്ത്യത്തെകുറിച്ച് മനസ്സിലാക്കാനും സാധിക്കുകയില്ല. ഈ ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി തീരുന്നു. നിങ്ങളെ ഈ ബ്രഹ്മാബാബയല്ല പഠിപ്പിക്കുന്നത്, ബ്രഹ്മാവിൽ ശിവബാബ പ്രവേശിച്ചാണ് പഠിപ്പിക്കുന്നത്. ഇത് പുതിയ കാര്യമാണല്ലോ. ഇത് സംഗമയുഗത്തിലാണ് സംഭവിക്കുന്നത്. പഴയ ലോകം അവസാനിക്കും, ചിലരുടെ മണ്ണിൽ ലയിച്ചുപോകും, ചിലരുടെ രാജാക്കന്മാരെടുക്കും..... അനേകരുടെ മംഗളം ചെയ്യുന്നതിനും

പിന്നീട് ദേവതയാക്കി മാറ്റുന്നതിനും വേണ്ടി പാഠശാല, മ്യൂസിയം തുറക്കൂ എന്ന് കുട്ടികളോട് ബാബ പറയുകയാണ്. അവിടെ എല്ലാവരും സുഖത്തിന്റെ സമ്പത്ത് നേടും. ഇപ്പോൾ രാവണരാജ്യമാണ്. രാമ രാജ്യത്തിൽ സുഖമായിരുന്നു, രാവണരാജ്യത്തിൽ ദുഃഖവും. കാരണം എല്ലാവരും വികാരികളായി മാറി കഴിഞ്ഞു. സത്യയുഗം നിർവികാരി ലോകമാണ്. ലക്ഷ്മീ നാരായണനും കുട്ടികളുണ്ട്. പക്ഷെ അവിടെ യോഗബലമാണുള്ളത്. ബാബ നിങ്ങളെ യോഗബലമാണ് പഠിപ്പിക്കുന്നത്. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരികളായി മാറുന്നു. ബാഹു ബലത്തിലൂടെ ഒരിക്കലും ഒരാൾക്കും വിശ്വത്തിന്റെ അധികാരിയായി മാറാൻ സാധിക്കില്ല. ഇത് നിയമമല്ല. നിങ്ങൾ കുട്ടികൾ ഓർമ്മയുടെ ബലത്തിലൂടെ മുഴുവൻ വിശ്വത്തിലേയും ചക്രവർത്തി പദവി നേടുകയാണ്. ഇത് എത്ര ഉയർന്ന പഠിപ്പാണ്. ആദ്യമാദ്യം പവിത്രതയുടെ പ്രതിജ്ഞ ചെയ്യൂ എന്നാണ് ബാബ പറയുന്നത്. പവിത്രമായി മാറുന്നതിലൂടെ നിങ്ങൾ പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏതെല്ലാം കലിയുഗീ സംബന്ധങ്ങൾ ഈ സമയത്ത് ബന്ധനമായിട്ടുണ്ടോ അതിനെ മറന്ന് സ്വയത്തെ സംഗമയുഗീ ബ്രാഹ്മണനാണെന്ന് മനസ്സിലാക്കണം. സത്യമായ ഗീത കേൾക്കണം, കേൾപ്പിക്കണം.

2) പഴയ ലോകം അവസാനിക്കാൻ പോവുകയാണ്, അതിനാൽ തന്റേതായി എന്തെല്ലാമുണ്ടോ അതെല്ലാം സഫലീകരിക്കണം. അനേകരുടെ മംഗളത്തിനു വേണ്ടി, മനുഷ്യരെ ദേവതയാക്കി മാറ്റുന്നതിനു വേണ്ടി പാഠശാല അല്ലെങ്കിൽ മ്യൂസിയം തുറക്കണം.

## വരദാനം - ബാബയുടെ ആജ്ഞയാണെന്ന് മനസ്സിലാക്കി പ്രേമത്തിലൂടെ ഓരോ കാര്യത്തെയും സഹിക്കുന്ന സഹനശീലരായി ഭവിയ്ക്കട്ടെ.

പല കുട്ടികളും പറയുന്നുണ്ട്, നമ്മൾ ശരിയാണ് എന്നാലും നമുക്ക് സഹിക്കേണ്ടതായി വരുന്നു, മരിക്കേണ്ടതായി വരുന്നു. എന്നാൽ സഹിക്കുന്നതിലൂടെയും മരിക്കുന്നതിലൂടെയും തന്നെയാണ് ധാരണയുടെ കാര്യത്തിൽ നമ്പർ നേടുന്നത്. അതിനാൽ സഹിക്കുന്ന കാര്യത്തിൽ പരിഭ്രമിക്കരുത്. പല കുട്ടികളും സഹിക്കുന്നുണ്ട്, എന്നാൽ പ്രയാസത്തോടെ സഹിക്കുന്നതും പ്രേമത്തോടെ സഹിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. കാര്യങ്ങൾ കാരണമല്ല സഹിക്കേണ്ടത്, ബാബയുടെ ആജ്ഞയാണ് സഹനശീലരാകൂ എന്നത്. അപ്പോൾ ആജ്ഞയെന്ന് മനസ്സിലാക്കി പ്രേമത്തിൽ സഹിക്കണം. അതായത് സ്വയത്തെ പരിവർത്തനപ്പെടുത്തണം ഇതിലാണ് മാർക്കുള്ളത്.

## സ്ലോഗൻ - ആരാണോ സദാ സന്തോഷത്തിന്റെ ടോണിക്ക് കഴിക്കുന്നത്, അവർ ആരോഗ്യശാലിയായിരിക്കുന്നു.